# Malayala Manorama

# 13 August 2018

# Kothamangalam: Water current rises, Idamalayar shutter opened



## നീരൊഴുക്കു കൂടി: ഇടമലയാറിന്റെ രണ്ട് ഷട്ടറുകൾകൂടി ഉയർത്തി

കോതമംഗലം ● ഇടമലയാർ അണക്കെട്ടിന്റെ രണ്ടു ഷട്ടറുകൾ കൂടി ഉയർത്തി. സംഭരണിയിലേക്കുള്ള നീരൊഴുക്കു വർധിച്ച സാഹചര്യത്തിലാണു മൂന്നാമത്തെയും നാലാമത്തെയും ഷട്ടറുകൾ ഒരു മീറ്റർ ഉയർത്തിയത്.

ഇതോടെ നാലു ഷട്ടറുകളും ഒരു മീറ്റർ വീതമാണ് ഉയർത്തിയത്. പവർ ഹൗസിൽനിന്നു പുറന്തള്ളുന്ന വെള്ളം ഉൾപ്പെടെ സെക്കൻഡിൽ 365 ഘനമീറ്റർ വെള്ളം പെരിയാറ്റിലേക്ക് ഒഴുക്കുന്നുണ്ട്. ഇടമലയാർ അണക്കെട്ടിന്റെ പൂർണശേഷി 169 മീറ്ററാണ്.

പൂർണശേഷി കവിയാതെ സംഭരണിയിലെ ജലവിതാനം നിയന്ത്രിക്കാനാണ് അധികൃതർ തീരുമാനിച്ചത്. ജലനിരപ്പ് ഇന്നലെ 168.90 മീറ്ററായിരുന്നു. ഇതു 168 മീറ്ററിൽ എത്തിക്കാൻ ലക്ഷ്യമിട്ടാണു രണ്ടു ഷട്ടറുകൾ കൂടി ഉയർത്തിയത്.

ചെറുതോണി അണക്കെട്ടിൽനിന്നു പുറന്തള്ളുന്ന വെള്ളം ഉൾപ്പെടെ 1115 ഘനമീറ്റർ വെള്ളം എത്തിയിട്ടും പെരിയാറിലെ ജലനിരപ്പു കാര്യമായി ഉയർന്നില്ല.

അണക്കെട്ടുകളിലെ വെള്ളത്തിനു പുറമേ, കിഴക്കൻ വനമേഖലയിൽ മഴ പെയ്തിട്ടും പെരിയാർ ശാന്തമായി ഒഴുകുന്ന കാഴ്ചയായിരുന്നു.

ഭൂതത്താൻകെട്ട് അണക്കെട്ടിന്റെ സംഭരണിയിൽ ഇന്നലെ വൈകിട്ട് 29.40 മീറ്റർ ആയിരുന്നു ജലവിതാനം. 35 മീറ്റർ ആണു പരമാവധി ശേഷി.